സൂറഃ-8

# അൽ അൻഫാൽ

إِذْ يُوحِى رَبُّكَ إِلَى ٱلْمَلَٰٓئِكَةِ أَنِّى مَعَكُمْ فَثَبِّتُوا۟
ٱلَّذِينَ ءَامَنُوا۟ ۚ سَأُلْقِى فِى قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ فَٱضْرِبُوا۟
فَوْقَ ٱلْأَعْنَاقِ وَٱضْرِبُوا۟ مِنْهُمْ كُلَّ بَنَانٍ ﴿١٢﴾
ذَٰلِكَ بِأَنَّهُمْ شَآقُّوا۟ ٱللَّهَ وَرَسُولَهُۥ ۚ وَمَن يُشَاقِقِ ٱللَّهَ وَرَسُولَهُۥ فَإِنَّ ٱللَّهَ
شَدِيدُ ٱلْعِقَابِ ﴿١٣﴾
ذَٰلِكُمْ فَذُوقُوهُ وَأَنَّ لِلْكَٰفِرِينَ عَذَابَ ٱلنَّارِ ﴿١٤﴾

**12.** ഓർക്കുക, നിന്റെ നാഥൻ മലക്കുകളെ അറിയിച്ചത്: എന്തെന്നാൽ ഞാൻ നിങ്ങളോടൊപ്പമാകുന്നു. ആകയാൽ നിങ്ങൾ വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക. ധർമധിക്കാരികളുടെ മനസ്സിൽ നാം ഭീതി നിറക്കുന്നുണ്ട്. നിങ്ങൾ സധൈര്യം അവരുടെ കഴുത്തുകൾക്കുമീതെ വെട്ടിക്കൊള്ളുക. സന്ധികൾതോറും വെട്ടിക്കൊള്ളുക.
**13.** അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും വൈരം മൂത്ത് വിഘടിച്ചതിനാലുള്ള ശിക്ഷയത്രെ ഇത്. അല്ലാഹുവിനോടും അവന്റെ ദൂതനോടും വൈരം മൂത്ത് വിഘടിക്കുന്നവന് അല്ലാഹു കൊടിയ ശിക്ഷകൻ തന്നെയാകുന്നു.
**14.** ഇതാണ് നിങ്ങൾക്കുള്ള ശിക്ഷ. അതനുഭവിച്ചുകൊള്ളുവീൻ. സത്യനിഷേധികൾക്കു നരകശിക്ഷയുമുണ്ടെന്നറിഞ്ഞിരിക്കുവീൻ.

إِذْ يُوحِى رَبُّكَ = നിന്റെ നാഥൻ ബോധനം ചെയ്തത് (അറിയിച്ചത്) ഓർക്കുക إِلَى ٱلْمَلَٰٓئِكَةِ = മലക്കുക(ളെ)ളിലേക്ക്
أَنِّى = എന്തെന്നാൽ ഞാൻ مَعَكُمْ = നിങ്ങളോടൊപ്പമാകുന്നു, ഒപ്പം ഉണ്ട് فَثَبِّتُوا۟ = ആകയാൽ നിങ്ങൾ ഉറപ്പിച്ചു നിർത്തുക
ٱلَّذِينَ ءَامَنُوا۟ = (സത്യ) വിശ്വാസികളെ سَأُلْقِى = ഞാൻ എറിയുന്നുണ്ട് (നിറക്കുന്നുണ്ട്) فِى قُلُوبِ = മനസ്സുകളിൽ
ٱلَّذِينَ كَفَرُوا۟ = ധർമധിക്കാരികളായവരുടെ ٱلرُّعْبَ = ഭീതി, ഭയം فَٱضْرِبُوا۟ = നിങ്ങൾ (സധൈര്യം) വെട്ടിക്കൊള്ളുക
فَوْقَ ٱلْأَعْنَاقِ = (കഴുത്തുകൾ) (അവരുടെ) കഴുത്തുകൾക്കു മീതെ وَٱضْرِبُوا۟ = നിങ്ങൾ വെട്ടിക്കൊള്ളുക
مِنْهُمْ = (അവരുടെ) അവരിൽനിന്നുള്ള كُلَّ بَنَانٍ = (സന്ധികൾ തോറും) എല്ലാ വിരലുകളും ذَٰلِكَ = (ശിക്ഷ) അത്രെ ഇത്
بِأَنَّهُمْ شَآقُّوا۟ ٱللَّهَ = ഉള്ള (വൈരം മൂത്ത്) വിഘടിച്ചതിനാൽ അവർ അല്ലാഹുവിനോട് വിരോധം പുലർത്തിയതിനാൽ
وَرَسُولَهُۥ = അവന്റെ ദൂതനോടും وَمَن يُشَاقِقِ ٱللَّهَ = (വൈരം മൂത്ത് വിഘടിക്കുന്നവന്) വല്ലവനും അല്ലാഹുവിനോട് വിഘടിച്ചാൽ
وَرَسُولَهُۥ = അവന്റെ ദൂതനോടും فَإِنَّ ٱللَّهَ = (അവന്, അവനെ സംബന്ധിച്ചേടത്തോളം) അല്ലാഹു
شَدِيدُ ٱلْعِقَابِ = കൊടിയ ശിക്ഷകൻ തന്നെയാകുന്നു ذَٰلِكُمْ = ഇതാണ് (നിങ്ങൾക്കുള്ള ശിക്ഷ)
فَذُوقُوهُ = അത് അനുഭവിച്ചു കൊള്ളുവിൻ وَأَنَّ لِلْكَٰفِرِينَ = (എന്നറിഞ്ഞിരിക്കുവിൻ) തീർച്ചയായും സത്യനിഷേധികൾക്ക് ഉണ്ട്
عَذَابَ ٱلنَّارِ = നരകശിക്ഷ

**12:** ഇവിടെ മലക്കുകൾ കൊണ്ടുദ്ദേശിക്കുന്നത് ബദ്‌റിൽ വിശ്വാസികളെ സഹായിക്കാൻ നിയുക്തരായ മലക്കുകളുടെ സൈന്യമാണ്. ഈ സൈന്യം അല്ലാഹുവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നുവെന്നും അവനിൽനിന്നുള്ള കൽപനകളനുസരിച്ചാണ് പ്രവർത്തിച്ചിരുന്നതെന്നും ഈ വാക്യത്തിൽനിന്ന് വ്യക്തമാകുന്നു. സഹായിക്കാൻ മലക്കുകളെ അയക്കാമെന്ന സുവാർത്ത വിശ്വാസികളെ സമാധാനിപ്പിക്കാൻ പറഞ്ഞ വെറും വർത്തമാനമായിരുന്നില്ല. ആ വാഗ്ദാനം ശരിക്കും പാലിച്ചിട്ടുണ്ടെന്ന് സാരം. “ഞാൻ നിങ്ങളോടൊപ്പമാകുന്നു” أَنِّى مَعَكُمْ എന്നതിലെ ‘നിങ്ങൾ’ മലക്കുകളാണെന്നും അതല്ല വിശ്വാസികൾ ആണെന്നും രണ്ടഭിപ്രായമുണ്ട്. രഹസ്യ നിർദേശത്തി -وحي -ന്റെ സംബോധിതർ മലക്കുകളായതുകൊണ്ട് നിങ്ങൾ എന്നു പറഞ്ഞതും മലക്കുകളെ കുറിച്ചു തന്നെയായിരിക്കണം. ഇതാണ് ആദ്യപക്ഷത്തിന്റെ ന്യായം. രണ്ടാമത്തെ കൂട്ടർ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്: ഇവിടെ യഥാർഥ സംബോധിതർ വിശ്വാസികളാണ്. വിശ്വാസികളെ സംബോധന ചെയ്ത്, അവരെ സഹായിക്കാൻ മലക്കുകളെ അയച്ച സംഭവം ഉദ്ധരിക്കുകയാണ് അല്ലാഹു. മലക്കുകളുടെ സൈന്യത്തെ അയക്കുമ്പോൾ, ഞാൻ പ്രവാചകനോടൊപ്പം ബദ്‌റിൽ പൊരുതാനെത്തിയ വിശ്വാസികളോടൊപ്പമായതിനാൽ, മലക്കുകൾ നിലകൊള്ളേണ്ടത് നിങ്ങളുടെ ഭാഗത്താണെന്ന് നിർദേശിച്ചിരുന്നു എന്നാണ് അല്ലാഹു പറയുന്നത്. മലക്കുകൾ സദാ അല്ലാഹുവിന്റെ സാമീപ്യമുള്ളവരാണ്. അല്ലാഹു കൽപിക്കുന്നതെന്തും ഏതവസരത്തിലും അവർക്ക് ചെയ്യാൻ കഴിയും. ബദ്‌റിന്റെ സന്ദർഭത്തിൽ അല്ലാഹു അവർക്ക് സാമീപ്യമോ സഹായമോ വാഗ്ദാനം ചെയ്യുന്നതിന് പ്രസക്തിയില്ല. ആ സന്ദർഭത്തിൽ സഹായവും സാമീപ്യവും ആവശ്യമായിട്ടുള്ളതും പ്രസക്തമായിട്ടുള്ളതും ബദ്‌റിൽ പങ്കെടുക്കുന്ന വിശ്വാസികൾക്കായിരുന്നു.

യുദ്ധത്തിൽ മലക്കുകൾ വഹിക്കേണ്ട പങ്കാണ് തുടർന്ന് പറയുന്നത്. فَثَبِّتُوا۟ ٱلَّذِينَ ءَامَنُوا۟ -വിശ്വാസികളെ സ്ഥൈര്യത്തോടെ ഉറപ്പിച്ചുനിർത്തുക, അവരുടെ മനസ്സിന് ധൈര്യം പകരുക, അവയവങ്ങൾക്ക് ശക്തിപകരുക, ശത്രുമനസ്സുകളിൽ ഭീതിയും വെപ്രാളവും നിറക്കുക. ഇതൊക്കെയാണ് മലക്കുകൾക്ക് ചെയ്യാനുണ്ടായിരുന്നത്. അതവർ ഭംഗിയായി ചെയ്തിട്ടുമുണ്ട്. മഴ വർഷിപ്പിച്ചുകൊണ്ട് വിശ്വാസികളുടെ ആയാസം കുറച്ചു. ശരീരവും മനസ്സും കുളിർത്തു. ഉറച്ച ചുവടുവയ്പുകളോടെ മുന്നോട്ടു പോകാൻ സാധിച്ചു. ആ ആശ്വാസത്തിൽ അവർക്ക് ലഘുവായ നിദ്രയും നൽകി. ഉറങ്ങിയുണർന്നതോടെ അവരുടെ ഉന്മേഷവും ഉത്തിഷ്ഠതയും പാരമ്യത്തിലെത്തി. എന്തും തരണം ചെയ്ത് ആരെയും വെട്ടിമാറ്റി ലക്ഷ്യത്തിലേക്കു മുന്നേറാനുള്ള മനസ്സുറപ്പും കൈക്കരുത്തും ലഭിച്ചു. അതോടൊപ്പം ഖുറൈശിപ്പടയെ തളർത്താനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെട്ടു. രാത്രിയിലെ മഴ മുസ്‌ലിംകൾക്ക് അനുകൂലമായപ്പോൾ അവരുടെ താഴ്ഭാഗത്തായി നിലകൊണ്ടിരുന്ന ഖുറൈശിപ്പടക്ക് അത് വിനയാവുകയാണുണ്ടായത്. വെള്ളം ആ ഭാഗത്തേക്ക് കുതിച്ചൊഴുകി അവിടമാകെ ചളിപിളിയായി. കാലുകൾ ചളിയിൽ പൂണ്ട് നടപ്പ് ദുഷ്കരമായിത്തീർന്നു. അവരുടെ മനസ്സിൽ ഭീതി നിറഞ്ഞു. ഒരു സൈന്യത്തിന്റെ യഥാർഥ ശക്തി അവരുടെ മനോവീര്യമാണല്ലോ. അബൂസുഫ്‌യാനും കച്ചവട സംഘവും രക്ഷപ്പെട്ടു എന്നറിഞ്ഞതോടെ തന്നെ പ്രമുഖരുൾപ്പെടെ നല്ലൊരു വിഭാഗം പടയാളികൾക്ക് പടയിൽ ആവേശം നഷ്ടപ്പെട്ടിരുന്നു. യുദ്ധത്തിനു നിൽക്കാതെ നാട്ടിലേക്ക് തിരിച്ചുപോകാമെന്ന് പലരും അഭിപ്രായപ്പെട്ടു. സ്വന്തക്കാരും ബന്ധുക്കളുമായ ആളുകളെ കൊന്നൊടുക്കുന്നതിൽ നേട്ടമൊന്നുമില്ലെന്ന് ചിലർ ചൂണ്ടിക്കാട്ടി. മുഹമ്മദും കൂട്ടരും കൊല്ലപ്പെടേണ്ടവരാണെങ്കിൽ അത് നമ്മളായിട്ടുവേണ്ട, മറ്റേതെങ്കിലും ഗോത്രം ചെയ്തുകൊള്ളട്ടെ എന്നായി ചിലർ. ഇങ്ങനെ യുദ്ധത്തിനു മുമ്പേ അവരുടെ മനസ്സുകൾ ശിഥിലമായിരുന്നു. മഴ സൃഷ്ടിച്ച ക്ലേശങ്ങൾ അവരെ ഭീതിതരുമാക്കി. വിശ്വാസികളുടെ ആത്മവീര്യത്തെയും ത്യാഗസന്നദ്ധതയെയും സംബന്ധിച്ച ബോധം അവരെ വിറകൊള്ളിച്ചു.

سَأُلْقِى فِى قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ -നിഷേധികളുടെ ഹൃദയങ്ങളിൽ ഞാൻ ഭീതി എറിയുന്നുണ്ട്- എന്നാണ് മൂലവാക്യം. മനസ്സുനിറഞ്ഞ ഭീതി, നിരാശാജനകമായ ഭയം, സംഭ്രാന്തി എന്നൊക്കെയാണ് رعب-ന്റെ അർഥം. ഇവിടെ ഖുറൈശിപ്പടയിൽ ഭയം ജനിപ്പിച്ച കാര്യം പ്രത്യേകം അല്ലാഹുവിലേക്കു ചേർത്തു പറഞ്ഞത് അതു മലക്കുകളിലൂടെയല്ലാതെ നേരിട്ടു നടത്തിയ കാര്യമായതുകൊണ്ടാവാം. മുസ്‌ലിംകളിലേക്ക് സൈനികരായി നിയോഗിച്ചവരല്ലാത്ത വേറെ മലക്കുകളിലൂടെ നിർവഹിക്കപ്പെട്ട കാര്യം എന്ന നിലക്കുമാവാം. മലക്കുകൾ ചെയ്യുന്ന കാര്യങ്ങളുടെ യഥാർഥ കർതൃത്വം അല്ലാഹുവിനു തന്നെ ആണ്.

മുസ്‌ലിം സൈന്യത്തിലേക്ക് നിയുക്തരായ മലക്കുകളോടുള്ള അല്ലാഹുവിന്റെ നിർദേശം വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക فَثَبِّتُوا۟ ٱلَّذِينَ ءَامَنُوا۟ എന്ന വാക്യത്തോടെ അവസാനിച്ചിരിക്കുന്നു. തുടർന്നുള്ള വാക്യങ്ങൾ അല്ലാഹു വിശ്വാസികളോട് നേരിട്ടരുളിയതാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ നിർദേശമനുസരിച്ച് മലക്കുകൾ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതാണ്. മലക്കുകൾ നേരിട്ട് വാളെടുത്ത് യുദ്ധം ചെയ്യുകയോ ശത്രുനിഗ്രഹം നടത്തുകയോ ചെയ്തിട്ടില്ല എന്നാണ് പണ്ഡിതന്മാരുടെ പ്രബലമായ പക്ഷം. മുസ്‌ലിംകളോട് ‘നിങ്ങൾ പോയി വിശ്രമിച്ചുകൊള്ളുക, യുദ്ധം ഞങ്ങൾ ചെയ്തുകൊള്ളാം’ എന്നുപറഞ്ഞ് പടക്കളത്തിലിറങ്ങുകയായിരുന്നില്ല മലക്കുകൾ. മറിച്ച്, ക്ഷമയോടെ, ധൈര്യത്തോടെ ശത്രുക്കളെ നേരിട്ടുകൊള്ളുക, എങ്കിൽ നിങ്ങൾക്കു വിജയമൊരുക്കിത്തരാൻ ഞങ്ങൾ പിന്നിലുണ്ട് എന്നറിയിച്ച് വിശ്വാസികളെ ആത്മവിശ്വാസത്തോടെ രണാങ്കണത്തിലിറക്കുകയായിരുന്നു അവർ. സ്വഹാബത്ത് സർവശക്തിയും സംഭരിച്ച് സർവവും അല്ലാഹുവിൽ സമർപ്പിച്ച് ആത്മാർപ്പണത്തോടെ പൊരുതിയപ്പോൾ വിജയം കൈവരിക്കുകയും ചെയ്തു.

ബദ്ർ പടക്കളത്തിൽ മലക്കുകൾ അശ്വരൂഢരും സായുധരുമായി ഇറങ്ങി വരികയും ശത്രുനിഗ്രഹം നടത്തുകയും ചെയ്തിട്ടുണ്ടെന്നും അങ്ങനെയാണ് മുസ്‌ലിംകൾ വിജയിച്ചതെന്നും ചിലർ അഭിപ്രായപ്പെടുന്നു. അതിനനുകൂലമായി കുറേ നിവേദനങ്ങളും ഉദ്ധരിക്കപ്പെടുന്നുണ്ട്. മലക്കുകൾ കുതിരപ്പടയാളികളായി വന്നു എന്നാണ് ചിലതിൽ പറയുന്നത്. ഓരോ മുസ്‌ലിം പടയാളിയുടെ രൂപത്തിലായിരുന്നു ഓരോ മലക്കും എന്നും പറയുന്നു. ഈവക നിവേദനങ്ങളൊന്നും പ്രബലങ്ങളല്ല. ബദ്‌റിൽ മലക്കുകൾ സായുധരായി ഇറങ്ങിവന്ന് യുദ്ധം ചെയ്തു എന്നു പറയുന്ന നിവേദനങ്ങളിൽ ഒന്നുപോലും പരിഗണനീയമല്ല എന്നാണ് ഇമാം ഇബ്നു ജരീറിന്റെ നിലപാട്. ഇബ്നു അബ്ബാസിൽ അവസാനിക്കുന്ന ഒരു നിവേദനമാണ് കൂട്ടത്തിൽ ഏറ്റം പ്രബലമായി പറയപ്പെടുന്നത്. നബിയിലെത്താതെ ഇബ്നു അബ്ബാസിൽ അവസാനിക്കുന്നു എന്നതിനുപുറമെ അതിന് നിവേദന പരമ്പര(സനദ്) ഇല്ലതാനും. ഇബ്നു അബ്ബാസാവട്ടെ അന്ന് നന്നെ ചെറുപ്പമായിരുന്നതിനാൽ ബദ്‌റിൽ പങ്കെടുത്തിട്ടുമില്ല.

ഈ വിഷയകമായി ഇമാം ഇബ്നു കസീർ ഒറ്റ നിവേദനമേ ഉദ്ധരിക്കുന്നുള്ളൂ. അത് റബീഉബ്നു അനസിൽനിന്നാണ്. ബദ്‌റിൽ മലക്കുകളാൽ കൊല്ലപ്പെട്ടവരെ പൊള്ളലേറ്റ അടയാളം കൊണ്ട് തിരിച്ചറിഞ്ഞിരുന്നുവെന്നാണ് അതിൽ പറയുന്നത്. റബീഉ് ഇത് നേരിട്ടു കണ്ടതാണോ? അല്ലെങ്കിൽ ആരാണവരെ അങ്ങനെ തിരിച്ചറിഞ്ഞത്? തിരിച്ചറിയപ്പെട്ടവർ ആരൊ

ക്കെയാണ്? അവർ എത്ര പേരുണ്ടായിരുന്നു? ബദ്റിൽ കൊല്ലപ്പെട്ട മുശ്രിക്കുകൾ 70 പേരാണ്. അവരിൽ ഓരോരുത്തരെയും വധിച്ചതാരാണെന്ന് വേറെ പ്രബലമായ നിവേദനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്. അവരൊക്കെയും യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബികൾ തന്നെയാണ്. പിന്നെ മലക്കുകളാൽ ചുട്ടുകൊല്ലപ്പെട്ടവരാരാണ്? ഇങ്ങനെ ഉത്തരമില്ലാത്ത ഒട്ടേറെ ചോദ്യങ്ങൾ ഈ നിവേദനത്തെയും ദുർബലപ്പെടുത്തുന്നു.

പ്രവാചക ശിഷ്യന്മാരുടെ സ്ഥൈര്യത്തിന്റെയും ധൈര്യത്തിന്റെയും വിശ്വാസദാർഢ്യത്തിന്റെയും ത്യാഗസന്നദ്ധതയുടെയും ആത്മാർപ്പണത്തിന്റെയും പ്രവാചക സ്നേഹത്തിന്റെയുമൊക്കെ നിസ്തുല ദൃഷ്ടാന്തമായി പരിലസിക്കുന്ന സംഭവമാണ് ബദ്ർ വിജയം. അവരതുനേടിയത് അമാനുഷരും സായുധരുമായ ആയിരക്കണക്കിൽ മലക്കുകൾ യുദ്ധം ചെയ്തിട്ടാണെന്ന് പറയുന്നത് ബദ്ർ സംഭവത്തിന്റെ മേൽപറഞ്ഞ മാനങ്ങളുടെയെല്ലാം നിഷേധവും ബദ്രികളെ നിന്ദിക്കലുമാണെന്ന കാഴ്ചപ്പാടാണ് ഇമാം റശീദ് രിദാ തന്റെ തഫ്സീറുൽ മനാറിൽ പ്രകടിപ്പിച്ചിട്ടുള്ളത്. ഖുറൈശിപ്പടയുടെ അംഗസംഖ്യ ആയിരത്തിൽ താഴെയായിരുന്നു. അവരെ നേരിട്ടത് ആയിരം അല്ലെങ്കിൽ അയ്യായിരം അമാനുഷരായ അശ്വ ഭടന്മാരും മുന്നൂറ്റിപ്പതിമൂന്നു മനുഷ്യപ്പടയാളികളും ചേർന്നാണെങ്കിൽ, അവർ നേടിയ വിജയത്തിൽ അത്ഭുതപ്പെടാനെന്തുള്ളൂ? എന്നിട്ടും ശത്രുക്കളിൽ എഴുപതുപേരെ മാത്രമേ അവർക്കു നിഗ്രഹിക്കാനായുള്ളൂ, അതിനുതന്നെ സ്വന്തം പക്ഷത്തുനിന്ന് പതിനേഴു പേരെ കുരുതി കൊടുക്കേണ്ടിയും വന്നു. എങ്കിൽ ബദ്രികളുടെ സ്ഥൈര്യവും ധൈര്യവും വീര്യവും ശൗര്യവും എന്തു പ്രശംസയാണർഹിക്കുന്നത്? ബദ്റിനെ മലക്കുകളുടെ പടവെട്ടുകൊണ്ട് മഹത്വപ്പെടുത്തുന്നവർ യഥാർഥത്തിൽ ചെയ്യുന്നത് ആദരണീയരായ ബദ്രികളെ (ബദ്റിൽ പങ്കെടുത്തു പടവെട്ടിയ സ്വഹാബികളെ) ഇകഴ്ത്തുകയാണ്.

ബദ്റിൽ അല്ലാഹു മുസ്ലിംകൾക്ക് വിജയം നൽകിയത് മനുഷ്യശേഷിയുടെയും കാര്യകാരണ വ്യവസ്ഥയുടെയും ചട്ടക്കൂട്ടിൽതന്നെയായിരുന്നു. മാനുഷിക ശേഷിയെ അസാമാന്യമായി ഉത്തേജിപ്പിക്കുകയും അതു വിജയകരമായി ഉപയോഗപ്പെടുത്താൻ സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുകയുമായിരുന്നു അവൻ. അതേ അന്തരീക്ഷം പ്രതിയോഗികളുടെ ശേഷിയെ തളർത്തിയതും സ്വാഭാവികമായിരുന്നു.

ശത്രുക്കളുടെ ഭയ വിഹ്വലത رعب-യെ നന്നായി ഉപയോഗപ്പെടുത്താനുള്ള നിർദേശമാണ് فَاضْرِبُوا فَوْقَ الْأَعْنَاقِ وَاضْرِبُوا مِنْهُمْ كُلَّ بَنَانٍ അവരുടെ കഴുത്തുകൾക്കുമീതെ സധൈര്യം വെട്ടിക്കൊള്ളുക, സന്ധികൾ തോറും വെട്ടുക എന്ന വാക്യം. അതായത്, അവർ ഭയവിഹ്വലരായിരിക്കുന്നു. ആത്മവീര്യം നശിച്ചിരിക്കുന്നു. വീര്യം ചോർന്നുപോയ അവർക്കിനി നിങ്ങൾക്കെതിരെ മുന്നേറാനോ ഉറച്ചുനിൽക്കാനോ കഴിയില്ല. ഈ സന്ദർഭത്തിൽ നിങ്ങൾ ധൈര്യപൂർവം മുന്നേറി അവരെ വകവരുത്തിക്കൊള്ളുക. കഴുത്തിനുമീതെ വെട്ടുക എന്നാൽ കഴുത്തു വെട്ടുക, തലയറുക്കുക എന്നുതന്നെ. بَنَانٍ – വിരലുകളാണ്. അതിന്റെ ഏകവചനം بنانة. അവയവം, സന്ധി എന്ന അർഥത്തിലും ഉപയോഗിക്കാം. കഴുത്തുവെട്ടിക്കൊള്ളുക എന്നു പറഞ്ഞശേഷം ശരീരത്തിൽ എവിടെ വേണമെങ്കിലും വെട്ടിക്കൊള്ളുക എന്നാണ് وَاضْرِبُوا مِنْهُمْ كُلَّ بَنَانٍ എന്ന വാക്യത്തിലൂടെ പറയുന്നത്. ഉപകരണങ്ങൾ, സൗകര്യങ്ങൾ, സഹായികൾ തുടങ്ങിയവ നശിപ്പിക്കുക എന്ന അർഥത്തിലും വിരലറുത്തു കളയുക എന്നുപറയാം. ആ അർഥത്തിലെടുക്കുമ്പോൾ അവരെ വധിക്കുക, അവരുടെ ശക്തികൾ നശിപ്പിക്കുക, സാധനസാമഗ്രികൾ പിടിച്ചെടുക്കുക എന്നാവും ആശയം. സ്ഥാനം നിർണയിച്ച് വെട്ടാൻ നിർദേശിക്കുന്നത് 'മുഖത്തടിക്കുക, മൂക്ക് മുറിക്കുക' എന്നൊക്കെ പറയുന്നതുപോലെ പ്രതിയോഗിയെ നിന്ദിക്കാനും അവന്റെ നിസ്സഹായത വെളിപ്പെടുത്താനും കൂടിയാണെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഖുർആൻ ഹിംസ കൽപിക്കുന്നു എന്നു പ്രചരിപ്പിക്കാൻ ചിലർ ഈ വാക്യത്തെ ഉപയോഗിക്കാറുണ്ട്. തങ്ങളെ എന്നെന്നേക്കുമായി ഈ ഭൂമിയിൽനിന്ന് പറിച്ചെറിയാനായി ആർത്തിരമ്പി വരുന്ന മഹാസൈന്യത്തെ നേരിടാൻ നിർബന്ധിതരായ, താരതമ്യേന അംഗബലവും ആയുധബലവും നന്നെ കുറഞ്ഞ ഒരു കൊച്ചു സംഘത്തിനു നൽകുന്ന നിർദേശമാണിതെന്ന കാര്യം അവർ മനഃപൂർവം അവഗണിക്കുകയാണ്. വാസ്തവത്തിൽ ആ സന്ദർഭത്തിൽ അന്യായമായ ഹിംസക്കെതിരെ സ്വീകരിക്കാവുന്ന ഫലപ്രദമായ ഒരേയൊരു ആത്മരക്ഷാ നടപടിയാണിവിടെ ഉപദേശിക്കുന്നത്. രണാങ്കണത്തിലിറങ്ങുന്ന പടയാളികളോട് ശത്രുക്കളെ തലോടാനോ നിഷ്ക്രിയരായിനിന്ന് അവരുടെ ഖഡ്ഗ പ്രയോഗം ഏറ്റുവാങ്ങാനോ ഉപദേശിക്കുന്നവരാരാണ്?

**13:** അഭിമാനികളും പ്രതാപികളുമായ ഖുറൈശികൾ ഈ വിധം നിന്ദ്യവും ക്രൂരവുമായി ശിക്ഷിക്കപ്പെടുന്നതിന്റെ ന്യായം വിശദീകരിക്കുകയാണ് ഈ സൂക്തം. അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും വൈരം മൂത്തു വിഘടിച്ചവരാണ്. شَاقُّوا എന്ന മൂലപദത്തെയാണ് 'വൈരം മൂത്ത് വിഘടിച്ചു' എന്നു തർജമ ചെയ്തിരിക്കുന്നത്. വിഘടിക്കുക, പിളരുക, വിള്ളുക തുടങ്ങിയ അർഥങ്ങളുള്ള شق എന്ന മൂലത്തിൽനിന്നുള്ള شقاق ഉപയോഗിക്കുന്നത് പിണങ്ങിപ്പിരിയുക, വിരോധം മൂത്ത് പരസ്പരം ദ്രോഹിക്കുക എന്ന അർഥത്തിലാണ്. شقاق-ൽനിന്നുള്ള ഭൂതകാല ബഹുവചന ക്രിയാപദമാണ് شاقوا. യഥാർഥ രൂപം شاققوا എന്നാണ്. അതിന്റെ വർത്തമാനകാല ഏകവചന ക്രിയാരൂപമാണ് يشاقق. ദൈവത്തോടും ദൈവദൂതനോടും വിരോധം പുലർത്തുന്നവരെ ദൈവം അതികഠിനമായ അനന്തരഫലങ്ങളനുഭവിപ്പിക്കുന്നു. ദൈവത്തോടും ദൈവദൂതനോടും പുലർത്തുന്ന വിരോധം പ്രകൃതിയോടുള്ള വിരോധമാണ്. പ്രകൃതിയോട് വിരോധം പുലർത്തുകയും വിഘടിക്കുകയും ചെയ്തവർ അതിന്റെ അനന്തരഫലങ്ങളനുഭവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. വിവിധ രൂപങ്ങളിലായിരിക്കും ആ അനന്തരഫലങ്ങൾ ഉളവാകുക. ചിലപ്പോൾ അത് ഈ ലോകത്തു തന്നെ പ്രത്യക്ഷപ്പെടുന്നു. അതാണ് ഇപ്പോൾ ബദ്റിൽ ഖുറൈശികൾക്ക് നേരിടേണ്ടിവന്നത്. ദൈവത്തോടും ദൈവദൂതനോടും പോരടിക്കാനനുവദിക്കുന്ന യാതൊരു ഘടകവും മനുഷ്യപ്രകൃതിയിലില്ല. ദൈവത്തോട് പോരിനിറങ്ങുന്നവർ എത്രവലിയ കൊടുങ്കാറ്റായി ഇരമ്പിവന്നാലും ഒടുവിൽ തോറ്റോടുക തന്നെ ചെയ്യും.

**14:** മുൻവചനങ്ങളുടെ സംബോധിതർ മുസ്ലിംകളായിരുന്നു. അതിനിടക്ക് ഖുറൈശികളെ സംബോധന ചെയ്തുകൊണ്ടരുളുന്നതാണ് ഈയൊരു സൂക്തം. ذَٰلِكُمْ എന്നതിലെ മധ്യമപുരുഷ സർവനാമമായ كم എന്ന ശബ്ദം അക്കാര്യം സൂചിപ്പിക്കുന്നു. അല്ലാഹു അവരെ ഉണർത്തുകയാണ്: ബദ്റിൽ നിങ്ങൾ നേരിട്ടത് ദൈവത്തോടുള്ള വിരോധത്തിന് ഈ ലോകത്തു ലഭിക്കുന്ന പ്രതിഫലമാണ്. അതനുഭവിച്ചുകൊള്ളുക. എന്നാൽ പരലോകത്ത് ഇതിനേക്കാൾ കൊടൂരമായ ശാശ്വത നരകശിക്ഷ നിങ്ങളെ കാത്തിരിക്കുന്നുണ്ട്. മുൻ സൂക്തത്തിൽ അല്ലാഹു കൊടിയ ശിക്ഷകനാകുന്നു എന്നു പറഞ്ഞതിന്റെ വിശദീകരണവും കൂടിയാണിത്. അതായത് അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷ ബദ്റിലെ ഈ പരാജയം കൊണ്ട് അവസാനിച്ചു എന്നു വിചാരിക്കേണ്ട. യഥാർഥ ശിക്ഷ പരലോകത്ത് ലഭിക്കാനിരിക്കുന്നതേയുള്ളൂ; നിത്യനരകം. അതിനുവേണ്ടി കാത്തിരുന്നുകൊള്ളുക. ■